STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No. 81/PR/SPMC/PHQ/2024 Date:29.12.2024

## ഡി.ജി.പി ഡോ. സഞ്ജീബ് കുമാർ പട്ജോഷി ചൊവ്വാഴ്ച വിരമിക്കുന്നു

ഡി. ജി. പി ഡോ. സഞ്ജീബ് കുമാർ പട്ജോഷി ഡിസംബർ 31ന് ചൊവ്വാഴ്ച സർവീസിൽ നിന്ന് വിരമിക്കും. നിലവിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ സേവനമനുഷ്ഠിക്കുന്ന ഒഡീഷ സ്വദേശിയായ ഡോ. സഞ്ജീബ് കുമാർ പട്ജോഷി 1991 ബാച്ച് ഐ പി എസ് ഓഫീസറാണ്.

ഒഡീസയിലെ ഗവണ്മെന്റ് സംബൽപ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് പി.എച്.ഡി, ഐൈ.എ.എം ബാംഗ്ലൂർ, യു.എസ്.എയിലെ സിറാക്യൂസ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്ന് എം.ബി.എ, കാൺപൂർ ഐ.ഐ.ടിയിൽ നിന്ന് എം.ടെക് എന്നിവ നേടിയ ശേഷമാണ് ഡോ. പട്ജോഷി സിവിൽ സർവീസിൽ പ്രവേശിച്ചത്. അതിനു മുൻപ് അദ്ദേഹം റെയിൽവേയിലും ഇന്ത്യൻ എഞ്ചിനീയറിംഗ് സർവീസിലും സേവനമനുഷ്ഠിച്ചിരുന്നു.

ഇരിഞ്ഞാലക്കുട സബ് ഡിവിഷനിൽ എ.എസ്.പി ആയും കൊച്ചിയിൽ ജോയിന്റ് കമ്മീഷണർ ആയും കെ.എ.പി 2, എസ്.ആർ.എ.എഫ് എന്നിവിടങ്ങളിൽ കമാണ്ടന്റായും പാലക്കാട്, കൊല്ലം ജില്ലകളിലും പോലീസ് ആസ്ഥാനത്തെ സ്പെഷ്യൽ സെൽ, ടെലികമ്യൂണിക്കേഷൻ എന്നിവിടങ്ങളിൽ എസ്.പിയായും, കോഴിക്കോട് സിറ്റിയിൽ പോലീസ് കമ്മിഷണറായും പ്രവർത്തിച്ചു. ഗവർണറുടെ എ.ഡി.സിയായി ചുമതല വഹിച്ചിട്ടുണ്ട്. യു എൻ കൊസോവോ

മിഷനിൽ കമ്മ്യൂണിക്കേഷൻ ഓഫീസറായും, കേന്ദ്ര ട്രൈബൽ അഫയേഴ്സ് മന്ത്രാലയത്തിൽ ജോയിന്റ് ഡയറക്ടറായും, കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രലയത്തിൽ ജോയിന്റ് സെക്രട്ടറിയായും ചുമതല വഹിച്ചു. കേരള പോലീസ് അക്കാദമിയിൽ ഡി.ഐ.ജിയായും സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, ട്രാഫിക് ആൻഡ് റോഡ് സേഫ്റ്റി എന്നിവിടങ്ങളിൽ ഐ.ജിയായും സേവനം അനുഷ്ടിച്ചു. തീരദേശ പോലീസിൽ എ.ഡി.ജി.പി, പോലീസ് ഹൗസിങ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ മാനേജിങ് ഡയറക്ടർ എന്നീ പദവികളും അദ്ദേഹം വഹിച്ചു.

ഇതിനു പുറമെ മിൽമ, കെ.എസ്.ആർ.ടി.സി, കെ.എസ്.എഫ്.ഡി.സി, സിവിൽ സപ്ലൈസ് കോർപറേഷൻ എന്നീ സ്ഥാപങ്ങളിൽ എം.ഡി, അഗ്നിശമന സേന, ദുരന്ത നിവാരണ വകുപ്പ് എന്നിവിടങ്ങളിൽ ഡയറക്ടർ ജനറൽ എന്നീ തസ്തികളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

വിശിഷ്ടസേവനത്തിനുള്ള രാഷ്ട്രപതിയുടെ പുരസ്കാരം (2016), ഐക്യരാഷ്ട്രസഭ പുരസ്കാരം (2001), കാൺപൂർ ഐ ഐ ടിയുടെ സത്യേന്ദ്ര ദുബെ പുരസ്കാരം(2011), നാഗ്പൂർ എൻ ഐ ടി യുടെ പുരസ്കാരം (2019) എന്നിവയും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

****************************